LIBRARY ARCHIVES Kerala Legislative Assembly

ആസ്തി വികസന സ്കീമിന്റെ പ്രവർത്തനം

280(3205) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ.-മാർ മുഖേന നടപ്പിലാക്കുന്ന ആസ്തി വികസന സ്കീമിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്കീമിന് ഭരണാനുമതി ലഭിക്കുന്നതിൽ വകുപ്പിന്റെ അനാവശ്യ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ കർത്താവുംപടി റോഡു വികസനവുമായി ബന്ധപ്പെട്ട് വകുപ്പ് സെക്രട്ടറിയുടെ പരിഗണനയിലുണ്ടായിരുന്ന 21227/D3/2014 നമ്പർ ഫയൽ പ്രകാരം റിപ്പോർട്ടിനു വേണ്ടി വകുപ്പ് ചീഫ് എൻജിനീയർക്ക് കത്തയയ്ക്കാനുണ്ടായ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) ആസ്തി വികസന സ്കീമിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്.

(ബി) ഭരണാനുമതി നൽകുന്നതിൽ വകുപ്പിന്റെ അനാവശ്യ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) എൽ.എ.സി.-എ.ഡി.എസ്.-ന്റെ മാർഗ്ഗ നിർദ്ദേശ ഉത്തരവിൽ നിർവ്വഹണ ഏജൻസി സംബന്ധിച്ച് വ്യക്തതയില്ലാത്തതിനാലും പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ അധീനതയിലുള്ള റോഡിൽ പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗം പ്രവർത്തി ചെയ്യുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കുന്നതിനുമുണ്ടായ കാരണം ആരായുകയാണ് ചെയ്തത്.

ദേശീയ ഗെയിംസിന് മുന്നോടിയായി റോഡ് വികസനം

281(3206) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കോലിയക്കോട്. എൻ. കൃഷ്ണൻനായർ :
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടക്കാൻ പോകുന്ന ദേശീയ ഗെയിംസിന്റെ മുന്നോടിയായി റോഡ് വികസനത്തിന് പദ്ധതികൾ ആവിഷ്കരിച്ചിരുന്നോ ; വിശദാംശം ലഭ്യമാക്കാമോ ;